بسم الله الرحمن الرحيم

# അനിസ്ലാമിക ആഘോഷങ്ങളിൽ

## പങ്കുചേരുന്നതിനെ കുറിച്ചും,

# ന്യൂ ഇയർ

## ആഘോഷത്തെ കുറിച്ചും ഓരോ മുസ്ലിമും അറിഞ്ഞിരിക്കേണ്ട ചിലത്...


ഷെയ്ഖ് അബൂ അമ്മാർ യാസിർ അൽ അദനി حفظه الله

യുടെ ചെറുപുസ്തകത്തിൽ നിന്ന്

**പെരുന്നാളുകൾക്കും ചില കാര്യങ്ങൾക്ക് വേണ്ടി നിർണയിക്കപ്പെടുന്ന പ്രത്യേക കാലങ്ങൾക്കും പൊതുവായിക്കൊണ്ട് സൃഷ്ടികളുടെ ദീനിലും ദുനിയാവിലും മഹത്തായ ഗുണങ്ങൾ അടങ്ങിയിട്ടുണ്ട്. (ഓരോ കാലങ്ങളിലും നിർവഹിക്കപ്പെടുന്ന) നിസ്കാരങ്ങളിൽനിന്നും, സകാത്തിൽനിന്നും, നോമ്പുകളിൽനിന്നും, ഹജ്ജിൽനിന്നും അവർ ഗുണം എടുക്കുന്നത് പോലെ. അതിനാൽ ആകുന്നു എല്ലാ ശരീഅത്തുകളും ഇത്തരം ചില (ആഘോഷങ്ങളും സീസണുകളും) കൊണ്ട് വന്നിട്ടുള്ളത്, അല്ലാഹു ﷻ പറയുന്നത് പോലെ:**

لِّكُلِّ أُمَّةٍ جَعَلْنَا مَنسَكًا هُمْ نَاسِكُوهُ ۖ

ഓരോ സമുദായത്തിനും നാം ഓരോ ആരാധനാക്രമം നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. അവർ അതാണ് അനുഷ്ഠിച്ചു വരുന്നത്.

[*സൂറത്തുൽ ഹജ്ജ്: 67*]

അല്ലാഹു ﷻ പറഞ്ഞു:

وَلِكُلِّ أُمَّةٍ جَعَلْنَا مَنسَكًا لِّيَذْكُرُوا ٱسْمَ ٱللَّهِ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ ٱلْأَنْعَـٰمِ ۗ

ഓരോ സമുദായത്തിനും നാം ഓരോ ആരാധനാകർമ്മം നിശ്ചയിച്ചിട്ടുണ്ട്. അവർക്ക് ഉപജീവനത്തിനായി അല്ലാഹു അവർക്ക് നൽകിയിട്ടുള്ള കന്നുകാലിമൃഗങ്ങളെ അവൻറെ നാമം ഉച്ചരിച്ചു കൊണ്ട് അവർ അറുക്കേണ്ടതിനു വേണ്ടിയത്രെ അത്.

[*സൂറത്തുൽ ഹജ്ജ്: 34*]

അല്ലാഹു പ്രവാചകൻമാരിൽ അവസാനത്തെ
പ്രവാചകനായ നബി ﷺ യുടെ
നാവിലൂടെ സൃഷ്ടികൾക്ക് നന്മയടങ്ങിയിട്ടുള്ള കർമ്മങ്ങൾ അവയുടെ
പൂർണതയടങ്ങിയ രൂപങ്ങളിൽ നിയമമാക്കിയിട്ടുണ്ട്.
ഈ പൂർണതയെ ആണ് അല്ലാഹു കീഴ്പ്പറയുന്ന ആയത്തിൽ
പരാമർശിച്ചിട്ടുള്ളത്:

ٱلۡيَوۡمَ أَكۡمَلۡتُ لَكُمۡ دِينَكُمۡ

ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു.

[*സൂറത്തുൽ മാഇദ:3*]

ഇതിനാൽ ആകുന്നു അല്ലാഹു ഈ ആയത്ത് ഇസ്ലാമിക ഉമ്മത്തിന്റെ ഏറ്റവും
മഹത്തായ പെരുന്നാളിന്റെയന്ന് തന്നെ ഇറക്കിയത്, തീർച്ചയായും
പെരുന്നാളുകളിൽ വെച്ച്, സ്ഥലത്തിന്റെയും സമയത്തിന്റെയും ശ്രേഷ്ഠത
ഒന്നിക്കുന്ന അതിനേക്കാൾ മഹത്തായ മറ്റൊരു പെരുന്നാൾ ഇല്ല തന്നെ,
അത് ബലിപെരുന്നാൾ ആകുന്നു

നബി ﷺ മുസ്ലിം ജനതയോടൊപ്പം ഒത്തുകൂടിയ ഈ ദിവസം,
ഇതിനേക്കാൾ ഉത്തമമായ മറ്റൊരു ഒത്തുകൂടൽ ഇല്ല തന്നെ.

ഈ ആഘോഷങ്ങൾ ജനങ്ങളുടെ ദീനിനെയും ദുനിയാവിനെയും സ്വാധീനിക്കുന്നവയാണ്, അതിനാൽ ആകുന്നു കുഫ്ഫാറുകൾ പുതുവർഷാഘോഷത്തെ പോലുള്ള ആഘോഷങ്ങൾ നടത്തുന്നതിൽ ഉത്സാഹം കാണിച്ചത്, അവരുടെ ഈ ആഘോഷങ്ങൾ മുസ്ലിമീങ്ങളിൽ കാര്യമായ രീതിയിൽ സ്വാധീനം ജലിപ്പിക്കണമെന്നും, അവരെ മാറ്റിയെടുക്കണമെന്നുള്ള ആശയാലും, (ഇസ്ലാം നിർണയിച്ചിട്ടുള്ള) എല്ലാവിധ ബന്ധനങ്ങളിൽ നിന്നുള്ള വിരാമത്തിനോടും, കളിയോടും വിനോദത്തിനോടുമുള്ള അഭിലാശത്തിനാലുമാണ് അവർ ഇങ്ങനെ ചെയ്യുന്നത്.

**ഈ ആഘോഷത്തിൽ അടങ്ങിയിട്ടുള്ള തിന്മകൾ:**

പുതുവർഷം ആഘോഷിക്കുന്നവർ, അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള, ആഘോഷത്തിന് അനുയോജ്യമായ ഒരു അന്ധരീക്ഷം സൃഷ്ടിക്കുന്നതിനായി ആഘോഷ ദിവസം വന്നെത്തുന്നതിന് ഒരു കാലയളവ് മുൻപ് തന്നെ അതിനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുന്നതാണ്. ഈ ആഘോഷത്തിനിടയിൽ അവർ അരുതാത്തതായ പല പ്രവർത്തികളിലും ഏർപ്പെടുന്നു, അവയിൽ ചിലത് ഹറാം ആയ കാര്യങ്ങൾ ആകുന്നു, തന്നെയല്ല ചിലത് വൻപാപങ്ങളിൽ പെട്ടവയാകുന്നു, ചിലത് ഒരു പുരുഷന്റെ ആണത്വത്തെ ഇല്ലാതാക്കുന്നവയാകുന്നു, അതിൽപെട്ടവയാണ്:

1) മദ്യപിക്കൽ.
2) സംഗീതം കേൾക്കൽ.
3) നൃത്തം ചെയ്യൽ
4) സ്ത്രീകൾ സൗന്ദര്യം വെളിവാക്കൽ
5) സ്ത്രീപുരുഷ കൂടിക്കലരൽ

6) ആഘോഷത്തിനിടയിൽ കൃത്യം രാത്രി പന്ത്രണ്ട് മണിക്ക് വെളിച്ചം കെടുത്തുകയും, ആ സമയത്ത് പറയാൻ പറ്റാത്ത തരത്തിലുള്ള മോശമായ പല പ്രവർത്തികളിലും ഏർപ്പെടൽ.

7) ഇത്തരത്തിലുള്ള ആഘോഷങ്ങൾക്ക് വേണ്ടി ചിലവഴിച്ചുകൊണ്ട് പണം ദുർവ്യയം ചെയ്യൽ.

ഇതിനോട് ചേർക്കപ്പെടാവുന്നതാണ്: അവർ ഈ തിന്മകളിൽ ഏർപ്പെട്ടുകൊണ്ട് ഫജ്ർ വരേക്കും ഉണർന്നിരിക്കുകയും, (മുസ്ലിമീങ്ങൾ ആണെങ്കിൽ) ഫജ്ർ നിസ്കാരം നഷ്ടപ്പെടുത്തുകയും, ചിലപ്പോളെല്ലാം തീപിടിക്കുന്നതിന് കാരണമായിട്ടുള്ള വെടിമരുന്നുകൾ ഉപയോഗിക്കുകയും, ചിലർ മറ്റു ചിലരെ പൂളുകളിലേക്ക് തള്ളിയിടുകയും തുടങ്ങിയവ.

ഇത്തരം ദുരിതങ്ങൾ എല്ലാം സംഭവിക്കുന്നതിനോടൊപ്പവും, നമ്മുടെ ചില പത്രങ്ങൾ ഹോട്ടലുകളിലും റിസോർട്ടുകളിലും നടക്കുന്ന ഈ ആഘോഷങ്ങളെ പരസ്യം ചെയ്യുന്നു.

**കുഫ്ഫാറുകളുടെ ആഘോഷങ്ങൾ ആഘോഷിക്കുന്നതിന്റെ വിധി**

പൊതുവായിക്കൊണ്ട് കുഫ്ഫാറുകളുടെ ആഘോഷങ്ങൾ ആഘോഷിക്കുന്നത് ഹറാമാക്കപ്പെട്ടതാണ്, കിതാബിന്റെയും സുന്നത്തിന്റെയും ഇജ്മാഇന്റെയും, സലഫുകളിൽ നിന്നുള്ള ആഥാറുകളുടെയും രേഖകളാൽ ആകുന്നു അത്, അതിന്റെ തെളിവുകൾ ഇപ്രകാരമാണ്:

1. കിതാബിൽനിന്നും സുന്നത്തിൽനിന്നുമുള്ള, കുഫ്ഫാറുകളുമായി സാദൃശ്യപ്പെടുന്നതിനെ വിലക്കിക്കൊണ്ടുള്ള, പൊതുവായുള്ള തെളിവുകൾ.

2. അല്ലാഹു ﷻ പറഞ്ഞു:

وَٱلَّذِينَ لَا يَشۡهَدُونَ ٱلزُّورَ

വ്യാജത്തിന് സാക്ഷി നിൽക്കാത്തവരും

[*സൂറത്തുൽ ഫുർഖാൻ: 72*]

സലഫുകളിൽ ഒരു കൂട്ടം പേരിൽ നിന്ന്, (അവരിൽ പെട്ടവർ ആണ്: അബുൽ ആലിയ, ത്വാവൂസ്, ഇബ്നു സീരീൻ, മുജാഹിദ്, ദ്വഹാക്ക് തുടങ്ങിയവർ) അവരെ തൊട്ട് അവർ പറഞ്ഞതായി വന്നിട്ടുണ്ട്:

(ഈ ആയത്തിൽ വ്യാജം എന്ന് ഉദ്ദേശിച്ചിട്ടുള്ളത്)
'അത് മുശ്രികീങ്ങളുടെ ആഘോഷങ്ങൾ ആണ്'എന്ന്.

ഷെയ്ഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ رَحِمَهُ اللَّهُ പറഞ്ഞു:

തികച്ചും കാഴ്ചയാലോ കേൾവിയാലോ അവയെ സാക്ഷ്യം വഹിക്കുന്നത് ഉപേക്ഷിക്കുന്നതിനെ അല്ലാഹു പുകഴ്ത്തിയെങ്കിൽ, അതിലും അധികമായിട്ടുള്ള പ്രവർത്തിയോട് യോജിക്കുന്നതിന്റെ, അതായത് വെറും സാക്ഷ്യം വഹിക്കൽ അല്ലാതെ, വ്യാജം പ്രവർത്തിക്കുന്നതിന്റെ ഗൗരവം എന്തായിരിക്കും?!!

3. അൽബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്ത ആഇഷ رَضِيَ اللَّهُ عَنْهَا യുടെ ഹദീഥിൽ അവർ പറഞ്ഞു:

"അൻസ്വാരികളുടെ അടിമസ്ത്രീകളിൽ രണ്ടുപേർ ബുആഥ് യുദ്ധത്തിന്റെ അന്ന് അൻസ്വാറുകൾ പരസ്പരം പറഞ്ഞിരുന്ന വാക്കുകൾ ചൊല്ലിക്കൊണ്ടും മദ്ദളത്തിൽ താളം പിടിച്ചുകൊണ്ടും എന്റെ അരുകിൽ ഉണ്ടായി, എന്നാൽ അവർ സാധാരണ

ഗതിയിൽ ഇത്തരം ഒന്നിനാൽ അറിയപ്പെട്ടവരല്ലായിരുന്നു, അപ്പോൾ അബൂ ബക്ർ പ്രവേശിക്കുകയുണ്ടായി, അദ്ദേഹം പറഞ്ഞു: റസൂലുല്ലാഹ് ﷺ യുടെ വീട്ടിൽ പിശാചിന്റെ സുഷിരവാദ്യങ്ങളോ? അന്ന് പെരുന്നാൾ ദിവസമായിരുന്നു, റസൂലുല്ലാഹ് ﷺ അദ്ദേഹത്തോട് പറഞ്ഞു: ഹേ അബൂ ബക്ർ, തീർച്ചയായും ഓരോ സമുദായത്തിനും ഒരു പെരുന്നാൾ ഉണ്ട്, ഇത് നമ്മുടെ പെരുന്നാൾ ആണ് ”

ഷെയ്ഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ رَحِمَهُ اللَّهُ പറഞ്ഞു: ഇതിൽ അടങ്ങിയിട്ടുള്ള തെളിവ് പല വശങ്ങളിൽ നിന്നാണ്:

**ആദ്യത്തേത്:**

അദ്ദേഹത്തിന്റെ വാക്കുകൾ ((തീർച്ചയായും ഓരോ സമുദായത്തിനും ഒരു പെരുന്നാൾ ഉണ്ട്, ഇത് നമ്മുടെ പെരുന്നാൾ ആണ്)), ഓരോ സമുദായത്തിനും അവരുടേതായ പ്രത്യേക പെരുന്നാളുകൾ ഉണ്ടാവുമെന്നത് ഈ വാചകത്തിൽ നിന്ന് നിർബന്ധമാകുന്നു, അല്ലാഹു ഇപ്രകാരം പറഞ്ഞപ്പോൾ ഉണ്ടായത് പോലെ:

وَلِكُلٍّ وِجْهَةٌ هُوَ مُوَلِّيهَا

ഓരോ വിഭാഗക്കാർക്കും അവർ (പ്രാർത്ഥനാവേളയിൽ) തിരിഞ്ഞുനിൽക്കുന്ന ഓരോ ഭാഗമുണ്ട്.

[*സൂറത്തുൽ ബഖറ:148*]

അതുപോലെ അല്ലാഹു ﷻ പറഞ്ഞു:

لِكُلٍّ جَعَلْنَا مِنكُمْ شِرْعَةً وَمِنْهَاجًا

നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ്മമാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു.

[*അൽമാഇദ: 48*]

ഇത് ഓരോ സമുദായത്തിനും പ്രത്യേകമായി ഒരു ഖിബ്ലയും പ്രത്യേകമായി ഒരു നിയമക്രമവും ഉണ്ടായിരിക്കുമെന്നത് നിർബന്ധമാക്കിയിരിക്കുന്നു, കാരണം അവിടെ ഉപയോഗിച്ചിട്ടുള്ള (ل) എന്ന അക്ഷരം നൽകുന്ന ആശയം അതാകുന്നു.

അപ്പോൾ യഹൂദർക്ക് അവരുടേതായ പെരുന്നാളും, ക്രിസ്ത്യാനികൾക്ക് അവരുടേതായ പെരുന്നാളും ഉണ്ടാവുകയും, അവർ അതിനാൽ പ്രത്യേകമാക്കപ്പെടുകയും  ചെയ്തിട്ടുണ്ടെങ്കിൽ, നാം അതിൽ അവരോടു പങ്കുചേരുകയില്ല, അവരുടെ ഖിബ്ലയിലോ അവരുടെ നിയമക്രമത്തിലോ പങ്ക് ചേരാത്തത് പോലെ.

അതുപോലെ തന്നെ, ഇതിന്റെ അടിസ്ഥാനത്തിൽ, നമ്മുടെ പെരുന്നാളിൽ നമ്മോട് പങ്കുചേരാനായി നാം അവരെ അനുവദിക്കുകയുമില്ല.

**രണ്ടാമത്തേത്**: അദ്ദേഹത്തിന്റെ വാചകം:
((ഇത് നമ്മുടെ പെരുന്നാൾ ആണ്))
നമ്മുടെ പെരുന്നാളിനെ ഈ ഒന്നിലേക്ക് മാത്രമായി പരിമിതപ്പെടുത്തപ്പെട്ടിരിക്കുന്നു എന്നതിനെ ഈ വാചകം അനിവാര്യമാക്കുന്നു, അതിനാൽ ഇതിനെ കൂടാതെ നമുക്ക് പെരുന്നാളുകൾ ഇല്ല.

4. ഇമാം അബൂ ദാവൂദും ബൈഹഖിയും റിപ്പോർട്ട് ചെയ്ത ഥാബിത് ബ്നു അദ്വഹാക് رَضِيَ اللَّهُ عَنْهُ വിന്റെ ഹദീഥിൽ അദ്ദേഹം പറഞ്ഞു:

"നബി ﷺ യുടെ കാലത്ത് ഒരാൾ താൻ
ബുവാന എന്ന സ്ഥലത്ത് ഒരു ഒട്ടകത്തെ
അറക്കുമെന്ന് നേർച്ച ചെയ്തു. അങ്ങനെ അയാൾ നബി ﷺ യുടെ അടുക്കൽ വന്ന്
പറഞ്ഞു: ഞാൻ ബുവാനയിൽ വെച്ച് ഒരു ഒട്ടകത്തെ അറക്കുമെന്ന്
നേർച്ച ചെയ്തിട്ടുണ്ട്. അപ്പോൾ നബി ﷺ അയാളോട് ചോദിച്ചു: ജാഹിലിയ്യാ
കാലഘട്ടത്തിലെ ബിംബങ്ങളിൽ ഏതെങ്കിലും ഒന്ന് അവിടെ ഉണ്ടായിരുന്നോ?
അവർ പറഞ്ഞു: ഇല്ല. അദ്ദേഹം തുടർന്നു ചോദിച്ചു: അവരുടെ (മുശ്രികീങ്ങളുടെ)
പെരുന്നാളുകളിൽ ഏതെങ്കിലും
ഒരു പെരുന്നാൾ അവിടെ നടമാടാറുണ്ടായിരുന്നോ? അവർ പറഞ്ഞു: ഇല്ല.
അപ്പോൾ നബി ﷺ പറഞ്ഞു: നിന്റെ നേർച്ച നിറവേറ്റുക, (എന്നാൽ) അല്ലാഹുവിനെ
ധിക്കരിച്ചുകൊണ്ടുള്ള കാര്യത്തിലും, മനുഷ്യർക്ക് ഉടമസ്ഥതയിലല്ലാത്ത
കാര്യങ്ങളിലും നേർച്ച നിറവേറ്റപ്പെടുകയില്ല."

ഈ ഹദീഥിൽ നിന്ന് തെളിവ് പിടിക്കപ്പെടുന്ന വശം ഏതെന്നാൽ:

നബി ﷺ നേർച്ച ചെയ്തവനോട് രണ്ടു ചോദ്യങ്ങൾ ആണ് ചോദിച്ചത്:
((ജാഹിലിയ്യാ കാലഘട്ടത്തിലെ ബിംബങ്ങളിൽ ഏതെങ്കിലും ഒന്ന് അവിടെ
ഉണ്ടായിരുന്നോ?
(മുശ്രികീങ്ങളുടെ) പെരുന്നാളുകളിൽ ഏതെങ്കിലും ഒരു പെരുന്നാൾ
അവിടെ നടമാടാറുണ്ടായിരുന്നോ?))
ഇത് തെളിയിക്കുന്നത് എന്തെന്നാൽ അവരുടെ ബിംബങ്ങളുടെയും
പെരുന്നാളുകളുടെയും സ്ഥലത്തു വെച്ച് അറവ് നടത്തുന്നത്
പാപമാണെന്നതാണ്, പ്രത്യേകിച്ചു നബി  അവിടെ അപ്രകാരമൊന്നും
ഉണ്ടായിരുന്നില്ല എന്ന ഉത്തരം കേട്ടതിന് ശേഷം ((നിന്റെ നേർച്ച നിറവേറ്റുക))
എന്ന് പറഞ്ഞതിനാൽ.

അതിൽനിന്ന് മനസ്സിലാകുന്നത് ഈ രണ്ടു വിശേഷണങ്ങൾ അവിടെ ഉണ്ടായിരുന്നെങ്കിൽ, അവ ഈ നേർച്ച നിറവേറ്റപ്പെടുന്നതിന് ഒരു തടസം ആയേനെ എന്നതാണ്  നേർച്ച ചെയ്ത ആൾ അതിനോട് യോജിച്ചുകൊണ്ടല്ല അവിടെ അറക്കുവാനായി ഉദ്ദേശിച്ചതെങ്കിൽ കൂടി
അപ്പോൾ പിന്നെ അവരുടെ ആഘോഷങ്ങളിൽ പങ്കെടുക്കുന്നവനായിക്കൊണ്ടും പ്രോത്സാഹിപ്പിക്കുന്നവനായിക്കൊണ്ടും അവരുടെ അടുക്കലേക്ക് പോകുന്നവന്റെ കാര്യം എന്തായിരിക്കും?!!

5. ഇമാം അഹ്മദും അബൂ ദാവൂദും നസാഈയും ഹാകിമും റിപ്പോർട്ട് ചെയ്ത അനസ് ബ്നു മാലിക് رَضِيَ اللهُ عَنْهُ വിന്റെ ഹദീഥിൽ അദ്ദേഹം പറഞ്ഞു:

ജാഹിലിയത്തിൽ മദീനക്കാർക്ക് അവർ കളികളിൽ വിനോദം കൊള്ളുന്നതായുള്ള രണ്ടു ദിവസങ്ങൾ ഉണ്ടായിരിക്കെയാണ് നബി ﷺ അവരുടെ അടുക്കലേക്ക് വന്നത്, അദ്ദേഹം അവരോട് പറഞ്ഞു: ((നിങ്ങൾക്ക് നിങ്ങൾ കളികളിൽ വിനോദം കൊള്ളുന്നതായുള്ള രണ്ടു ദിവസങ്ങൾ ഉണ്ടായിരിക്കെയാണ് ഞാൻ നിങ്ങളുടെ അടുക്കലേക്ക് വന്നത്, തീർച്ചയായും അല്ലാഹു ആ രണ്ടു ദിവസങ്ങളെ അതിനേക്കാൾ നല്ല രണ്ടു ദിവസങ്ങളാൽ നിങ്ങൾക്ക് പകരമാക്കി തന്നിരിക്കുന്നു: ബലിപെരുന്നാളിന്റെ  ദിവസവും, ഫിത്റിന്റെ (ചെറിയ പെരുന്നാളിന്റെ) ദിവസവും))

ഷെയ്ഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ رَحِمَهُ اللَّهُ പറഞ്ഞു:

ഇതിൽനിന്ന് തെളിവെടുക്കപ്പെടുന്ന വശം ഏതെന്നാൽ: ജാഹിലിയത്തിന്റെ ആ രണ്ടു ദിവസങ്ങളെ നബി ﷺ അംഗീകരിച്ചു കൊടുക്കുകയോ, അവർ ശീലിച്ചുപോന്നത് പ്രകാരം ആ രണ്ടു ദിവസങ്ങളിൽ അവരെ കളിക്കാനോ വിട്ടില്ല, എന്നാൽ അദ്ദേഹം ഇപ്രകാരമാണ് പറയുകയുണ്ടായത്: (( അല്ലാഹു ആ രണ്ടു ദിവസങ്ങളെ

അതിനേക്കാൾ നല്ല മറ്റു രണ്ടു ദിവസങ്ങളാൽ നിങ്ങൾക്ക് പകരമാക്കി തന്നിരിക്കുന്നു )) ഒന്നിന് പകരമായി മറ്റൊന്നിനെ കൊണ്ടുവരുന്നത്, മുൻപുണ്ടായതിനെ ഉപേക്ഷിക്കൽ അനിവാര്യമാക്കുന്നു, അതിനാൽ മുൻപ് അവശേഷിച്ചിരുന്നതും, പിന്നീട് അതിന് പകരമായി കൊണ്ടുവന്നതും തമ്മിൽ ഒരുമിപ്പിക്കപ്പെടുകയില്ല...

6. ബൈഹഖീ رَحِمَهُ اللَّهُ (തന്റെ സുനനിൽ) മുഹമ്മദ് ബിൻ സീരീൻ ഉദ്ധരിക്കുന്ന സനദോട് കൂടി റിപ്പോർട്ട് ചെയ്തു, അവിടുന്ന് പറഞ്ഞു :

(അന്നയ്റൂസ്[1] എന്ന ആഘോഷത്തിന്റെ ഒരു സമ്മാനം അലീ رَضِيَ اللَّهُ عَنْهُ വിന് കൊണ്ടുനൽകപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഇതെന്താണ്? അവർ പറഞ്ഞു: അല്ലയോ അമീറുൽ മു'മിനീനെ, ഇന്ന് അന്നയ്റൂസിന്റെ ദിവസമാണ്. അദ്ദേഹം പറഞ്ഞു: എന്നാൽ നിങ്ങൾ എല്ലാ ദിവസവും ഫയ്റൂസ് നടത്തിക്കൊള്ളൂ)) അബൂ ഉസാമ പറഞ്ഞു:((അദ്ദേഹം നയ്റൂസ് എന്ന് പറയുവാൻ (പോലും) വെറുത്തിരുന്നു ))

ബൈഹഖീ رَحِمَهُ اللَّهُ പറഞ്ഞു:

ഇതിൽ ഖുർആനും സുന്നത്തും പ്രത്യേകമാക്കാത്ത ഒരു ദിവസത്തെ അതിന് വേണ്ടി (പരസ്പരം സമ്മാനം കൈമാറാനും മറ്റും) പ്രത്യേകമാക്കിയത് വെറുക്കപ്പെട്ടതാണ്[2] എന്നത് അടങ്ങിയിട്ടുണ്ട്.

---

1 അന്നയ്റൂസ് എന്നാൽ വർഷത്തിലെ ആദ്യത്തെ ദിവസം ഫാരിസികളും മജൂസികളും നടത്തുന്ന ഒരു ആഘോഷമാണ്

2 പണ്ടത്തെ ഉലമാക്കൾ വിലക്കപ്പെട്ട കാര്യങ്ങളെയും വെറുക്കപ്പെട്ടതായി വിശേഷിപ്പിച്ചിരുന്നു

ഷെയ്ഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ رَحِمَهُ اللَّهُ പറഞ്ഞു:

അലീ رَضِيَ اللهُ عَنْهُ ആകട്ടെ, അവർ പ്രത്യേകമായി സ്വീകരിച്ചിട്ടുള്ള പെരുന്നാളിന്റെ നാമത്തിൽ പോലും അവരോട് യോജിക്കുന്നത് വെറുത്തിരുന്നു, അപ്പോൾ പിന്നെ പ്രവർത്തിയിൽ അവരോട് യോജിക്കുന്നതിന്റെ കാര്യം എന്തായിരിക്കും?!

7. ബൈഹഖീ رَحِمَهُ اللَّهُ (തന്റെ സുനനിൽ താഴെ പറയുന്ന സനദോട് കൂടി റിപ്പോർട്ട് ചെയ്തു) അബുൽ മുഗീറ رَضِيَ اللهُ عَنْهُ അബ്ദുല്ലാഹ് ബ്നു അംറ് ബിനിൽ ആസ് رَضِيَ اللهُ عَنْهُ വിനെ തൊട്ട് അദ്ദേഹം പറഞ്ഞതായി ഉദ്ധരിച്ചു :

(( ആരാണോ കുഫ്ഫാറുകളുടെ രാജ്യത്ത് അധിവസിക്കുകയും, അവരോടൊപ്പം നയ്റൂസും, മഹ്റജാനും ആഘോഷിക്കുകയും, അവരോട് സാമ്യപ്പെടുകയും, മരിക്കുന്നത് വരേക്കും അതേ അവസ്ഥയിൽ ആയിരിക്കുകയും ചെയ്തത്, അവൻ ഖിയാമത്ത് നാളിൽ അവരോടൊപ്പം ഉയർത്തെഴുന്നേല്പിക്കപ്പെടുന്നതാണ്.))

ഷെയ്ഖുൽ ഇസ്ലാം ഇബ്നു തയ്മിയ്യ رَحِمَهُ اللَّهُ പറഞ്ഞു:

ഇത് അനിവാര്യമാക്കുന്നത് അവരോടൊപ്പം മേൽപറഞ്ഞ കാര്യങ്ങളിലെല്ലാം ഒത്തുചേരുന്നതിലൂടെ അദ്ദേഹം അയാളെ കാഫിർ ആക്കിയെന്നതാണ്, അതുമല്ലെങ്കിൽ അതിനെ അവരുടെ മേൽ നരകശിക്ഷ നിർബന്ധമാക്കുന്ന വൻപാപങ്ങളിൽ പെടുത്തിയെന്നതാണ്, അദ്ദേഹത്തിന്റെ വാക്കുകളുടെ ബാഹ്യത്തിൽനിന്ന് വെളിവാവുന്നത് ആദ്യം പറഞ്ഞതാണെങ്കിൽ കൂടി.

അദ്ദേഹം ((ആരാണോ കുഫ്ഫാറുകളുടെ രാജ്യത്ത് അധിവസിക്കുകയും))
എന്ന് എടുത്ത് പറയാൻ കാരണം അല്ലാഹുവിനാകുന്നു ഏറ്റവും നന്നായി
അറിയാവുന്നത് അബ്ദുല്ലാഹ് ബ്നു അംറ് ബിനിൽ ആസിന്റെയും മറ്റു
സ്വഹാബികളുടെയും കാലത്ത്, ഇസ്ലാമിക രാജ്യത്ത് അവരുടെ ആഘോഷങ്ങൾ
പ്രകടമാക്കുന്നതിൽനിന്ന് അവർ വിലക്കപ്പെട്ടവർ ആയിരുന്നു, മുസ്ലിമീങ്ങളിൽ
ഒരുവനും അവരുടെ ആഘോഷത്തിൽ അവരോടു
സാദൃശ്യപ്പെടുകയുമില്ലായിരുന്നു, എന്നാൽ അതിന് സാധിച്ചിരുന്നത്
അവരുടെ ഭൂമികളിൽ (കുഫ്ഫാറിന്റെ നാടുകളിൽ) മാത്രമാണ്.

8. കുഫ്ഫാറുകളുടെ പെരുന്നാളുകൾ ആഘോഷിക്കുന്നത് ഹറാം
ആണെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകാഭിപ്രായത്തിൽ ആയിരിക്കുന്നു.
ഇത് ഷെയ്ഖുൽ ഇസ്ലാം ഇബ്നു തയ്മിയ്യയും അദ്ദേഹത്തിന്റെ
വിദ്യാർത്ഥിയായ ഇബ്നുൽ ഖയ്യിമും പറഞ്ഞിട്ടുള്ളതാണ്.

## ഈ ആഘോഷത്തിൽ അവർക്ക് അഭിനന്ദനങ്ങൾ നൽകുന്നതിന്റെ വിധി

ഷെയ്ഖ് ഇബ്നു ഉഥൈമീനിനോട് ക്രിസ്മസിന് കുഫ്ഫാറുകളെ
അഭിനന്ദിക്കുന്നതിനെ കുറിച്ചും, അവർ നമുക്ക് അഭിനന്ദനങ്ങൾ നൽകിയാൽ
എപ്രകാരമാണ് മറുപടി നൽകേണ്ടത് എന്നും, ഈ ആഘോഷത്തിന്റെ
ഭാഗമായിക്കൊണ്ട് അവർ പരിപാടികൾ നടത്തുന്ന വേദികളിലേക്ക് പോകൽ
അനുവദനീയമാണോ എന്നും, ഒരുവൻ ഉദ്ദേശിക്കാതെ മേൽപറഞ്ഞ കാര്യങ്ങളിൽ
എന്തെങ്കിലും ഒന്നു പ്രവർത്തിച്ചു, അഥവാ അവൻ അങ്ങനെ ചെയ്തത്
ഒന്നുകിൽ അവരുടെ മുൻപിൽ നന്നായി കാണിക്കുവാനോ, അല്ലെങ്കിൽ
നാണിച്ചുകൊണ്ടോ, അല്ലെങ്കിൽ തൃപ്തിപ്പെടാത്ത അവസ്ഥയിൽ ആയിക്കൊണ്ടോ

അല്ലെങ്കിൽ അതുപോലുള്ള മറ്റു കാരണങ്ങളാലോ ആണെങ്കിൽ
അവൻ കുറ്റക്കാരൻ ആകുമോ എന്നും, ഈ ആഘോഷങ്ങളിൽ അവരോട്
സാദൃശ്യപ്പെടൽ അനുവദനീയമാണോ എന്നും ചോദിക്കപ്പെട്ടു.

അതിന് അദ്ദേഹം رَحِمَهُ اللَّهُ നൽകിയ മറുപടി ഇങ്ങനെയാണ്:

ക്രിസ്മസിനോ അതല്ലാത്ത മറ്റു മതപരമായ ആഘോഷങ്ങൾക്കോ
കുഫ്ഫാറുകൾക്ക് അഭിനന്ദങ്ങൾ നൽകൽ ഹറാമാണെന്നതിൽ
ഏകാഭിപ്രായമുണ്ട്, ഇബ്നുൽ ഖയ്യിം തന്റെ 'അഹ്കാമു അഹ്ലിദിമ്മ'
എന്ന കിതാബിൽ ഉദ്ധരിച്ചത് പൊലെ. അദ്ദേഹം പറഞ്ഞു: "കുഫ്റിനനെ
പ്രതിനിധീകരിക്കുന്ന അതിന്റെ പ്രത്യേകമായുള്ള മതചിഞങ്ങളിൽ
അഭിനന്ദനങ്ങൾ നൽകൽ ഏകാഭിപ്രായത്തോട് കൂടി ഹറാം ആണ്...
ഇങ്ങനെ അഭിനന്ദങ്ങൾ നൽകുന്നവൻ കുഫ്റിൽ നിന്ന് മോചിതനായിട്ടുണ്ടെങ്കിൽ
കൂടി അത് ഹറാമായ കാര്യങ്ങളിൽ പെട്ടതാണ്. അവൻ അവർ
കുരിശിനോട് സുജൂദ് ചെയ്യുന്നതിനായി അവരെ അഭിനന്ദിക്കുന്നതിനോട്
തുല്യമായ നിലയിലാണ് ഇത്. എന്ന് തന്നെയല്ല, അത് അല്ലാഹുവിന്റെ
അടുക്കൽ മദ്യപിക്കുന്നതിനും, ഒരു നഫ്സിനെ വധിക്കുന്നതിനും,
വ്യഭിചരിക്കുന്നതിനും നൽകപെടുന്ന അഭിനന്ദനത്തേക്കാൾ വലിയ കുറ്റവും,
അതിനെക്കാൾ വെറുക്കപ്പെട്ട ഒന്നുമാണ്. ദീനിന് വേണ്ട വില കല്പിക്കാത്ത
പലരും ഈ പ്രവർത്തിയിൽ
ഏർപ്പെടുന്നു, അവർ ചെയ്തതിൽ അടങ്ങിയിട്ടുള്ള മോശത്തരം
അവർ അറിയുന്നുമില്ല..."

കുഫ്ഫാറുകളെ അവരുടെ മതപരമായ ആഘോഷങ്ങളിൽ അഭിനന്ദിക്കുന്നത് ഹറാമും, ഇബ്നുൽ ഖയ്യിം സൂചിപ്പിച്ച നിലയിലുള്ള ഒന്നും ആകുവാനുള്ള കാരണം : അതിൽ കുഫ്റിന്റെ മതചിഹ്നങ്ങളിൽ നിന്ന് അവർ നിലകൊള്ളുന്നതായുള്ളവയോടുള്ള അംഗീകാരവും, അവരിൽ കുഫ്റിനാൽ അവൻ തൃപ്തിയടങ്ങി എന്ന കാര്യവും ഉൾക്കൊള്ളുന്നു. ഇനി തന്റെ സ്വന്തത്തിന് വേണ്ടി അവൻ കുഫ്റിനാൽ തൃപ്തിപ്പെടുന്നില്ലെങ്കിൽ കൂടി, കുഫ്റിന്റെ അടയാളങ്ങളാൽ തൃപ്തിപ്പെടുക എന്നതോ മറ്റുള്ളവരെ അതിനാൽ അഭിനന്ദിക്കുക
എന്നതോ ഒരു മുസ്ലിമിന്റെ മേൽ ഹറാം ആകുന്നു, കാരണം അല്ലാഹു അതിനാൽ തൃപ്തിപ്പെടുന്നില്ല,

അതുപോലെ അല്ലാഹു ﷻ പറഞ്ഞു:

إِن تَكْفُرُواْ فَإِنَّ ٱللَّهَ غَنِىٌّ عَنكُمْ ۖ وَلَا يَرْضَىٰ لِعِبَادِهِ ٱلْكُفْرَ ۖ وَإِن تَشْكُرُواْ يَرْضَهُ لَكُمْ ۗ

നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങളുടെ ആശ്രയത്തിൽ നിന്ന് മുക്തനാകുന്നു. തൻറെ ദാസൻമാർ നന്ദികേട് കാണിക്കുന്നത് അവൻ തൃപ്തിപ്പെടുകയില്ല. നിങ്ങൾ നന്ദികാണിക്കുന്ന പക്ഷം നിങ്ങളോട് അത് വഴി അവൻ സംതൃപ്തനായിരിക്കുന്നതാണ്

[*സൂറത്തു അസ്സുമർ : 7*]

അതുപോലെ അല്ലാഹു ﷻ പറഞ്ഞു:

ٱلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِى وَرَضِيتُ لَكُمُ ٱلْإِسْلَـٰمَ دِينًا ۚ

ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എൻറെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.

[*സൂറത്തുൽ മാഇദ:3*]

കുഫ്ഫാറുകളെ അവരുടെ ആഘോഷങ്ങളിൽ അഭിനന്ദിക്കുന്നത് വിലക്കപ്പെട്ടതാണ്, അവർ അവരോടൊപ്പം ഒരുമിച്ച് ജോലി ചെയ്യുന്നവർ ആണെങ്കിലും എല്ലെങ്കിലും.

അവർ അവരുടെ ആഘോഷങ്ങളിൽ നമ്മെ അഭിനന്ദിച്ചാൽ നാം അതിന് അവർക്ക് ഉത്തരം നൽകുകയില്ല. കാരണം നമുക്ക് അവ ആഘോഷങ്ങൾ അല്ല, അതുപോലെ അത് അല്ലാഹു തൃപ്തിപ്പെടാത്ത ആഘോഷങ്ങൾ ആണ്, കാരണം അവ ഒന്നുകിൽ ദീനിൽ പുതുതായി കൊണ്ടുവരപ്പെട്ടത് ആയതിനാൽ, അല്ലെങ്കിൽ നിയമമാക്കപ്പെട്ടത് പക്ഷെ നബി ﷺ ഏതൊരു ഇസ്ലാമിക മതത്താൽ ആണോ സൃഷ്ടിയിലേക്ക് മുഴുവനും അയക്കപ്പെട്ടിട്ടുള്ളത്, അത് അവയെ നീക്കം ചെയ്തതിനാൽ.

അതിനെ കുറിച്ച് അല്ലാഹു ﷻ പറഞ്ഞു:

وَمَن يَبْتَغِ غَيْرَ ٱلْإِسْلَـٰمِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِى ٱلْـَٔاخِرَةِ مِنَ ٱلْخَـٰسِرِينَ

ഇസ്ലാം (അല്ലാഹുവിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.

[*സൂറത്തു ആലി ഇമ്രാൻ: 85*]

ഒരു മുസ്ലിം അവരുടെ ഈ ആഘോഷത്തിലേക്കുള്ള ക്ഷണത്തിന് ഉത്തരം നൽകൽ ഹറാം ആകുന്നു, കാരണം അതിലൂടെ അവരോടൊപ്പം പങ്കുചേരുക എന്നത് അവരെ അഭിനന്ദിക്കുന്നതിനെക്കാൾ വലിയ കുറ്റമാണ്.

അതുപോലെ ഈ ആഘോഷാവസരത്തിൽ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് കുഫ്ഫാറുകളോട് സാദൃശ്യംകൊള്ളലോ, പരസ്പരം സമ്മാനങ്ങൾ കൈമാറലോ, മധുര പലഹാരങ്ങളോ ഭക്ഷണം അടങ്ങിയ പാത്രങ്ങളോ വിതരണം ചെയ്യലോ,

ആ ദിവസം അവധിയാക്കലോ എല്ലാം മുസ്ലിമീങ്ങളുടെ മേൽ ഹറാം ആകുന്നു. കാരണം നബി ﷺ പറഞ്ഞു: ((ആരാണോ ഒരു സമുദായാത്താൽ സാദൃശ്യം കൊണ്ടത്, അവൻ അവരിൽ പെട്ടവനാകുന്നു))...

ആരാണോ മേൽപ്പറഞ്ഞ കാര്യങ്ങളിൽ എന്തെങ്കിലും പ്രവർത്തിച്ചത് അവൻ കുറ്റക്കാരൻ ആണ്, അത് അവരുടെ മുന്നിൽ നന്നായി കാണിക്കാൻ ചെയ്തത് ആണെങ്കിലും, ഇഷ്ടപ്പെട്ടുകൊണ്ട് ചെയ്തതാണെങ്കിലും, നാണംകൊണ്ട് ചെയ്തതാണെങ്കിലും അതല്ലാത്ത മറ്റു കാരണങ്ങളാൽ ചെയ്തതാണെങ്കിലും...

## ഈ ആഘോഷത്തിന് അവരുടെ ഭക്ഷണങ്ങളും പാനീയങ്ങളും കഴിക്കുന്നതിന്റെ വിധി

ഷെയ്ഖുൽ ഇസ്ലാം ഇബ്നു തയ്മിയ്യ رَحِمَهُ اللَّهُ പറഞ്ഞു:

"മുസ്ലിമീങ്ങളിൽ നിന്ന് ആരാണോ ഈ ആഘോഷങ്ങളിൽ, എല്ലാ സമയങ്ങളിലും ഉള്ള സാധാരണ നടപ്പിന് വ്യത്യാസമായി കൊണ്ട് സമ്മാനം നൽകിയത്, അവന്റെ സമ്മാനം സ്വീകരിക്കപ്പെടുകയില്ല, പ്രത്യേകിച്ചു കുഫ്ഫാറുകളോടു സാദൃശ്യം കൊള്ളുന്നതിൽ സഹായിക്കുന്ന ഒന്നാണെങ്കിൽ, ഉദാഹരണത്തിന് ജന്മദിനാഘോഷത്തിന് മെഴുകുതിരി സമ്മാനിക്കപ്പെട്ടാൽ..."

ഷെയ്ഖ് അബൂ അമ്മാർ رَضِيَ اللَّهُ عَنْهُ പറഞ്ഞു:

അതുപോലെ അതിൽപ്പെടുന്നതാണ് ഗ്രീറ്റിംഗ് കാർഡുകൾ കൈമാറൽ, അവയിൽ ചിലതിൽ ജോക്കറിന്റെ ചിത്രം അടങ്ങിയിട്ടുണ്ടാവും, അല്ലാഹുവിൽ ആകുന്നു ശരണം തേടപ്പെടുന്നത്.

നാം ഇവിടെ പ്രദർശിപ്പിച്ചിട്ടുള്ള തെളിവുകളും, പരാമർശിച്ചിട്ടുള്ള പണ്ഡിതന്മാരുടെ വാചകങ്ങളും വായിച്ച ശേഷം, ഒരു മുസ്ലിമിന് യോജിക്കുന്നത് മേൽപ്പറഞ്ഞതിൽ നിന്ന്  സ്വയം വിട്ടുനിൽക്കുക എന്നതും, മറ്റുള്ളവരെ അതിന്റെ പ്രത്യാഘാതത്തിൽ നിന്ന് താക്കീത് ചെയ്യുക എന്നതുമാണ്, കാരണം അവ ചില മുസ്ലിമീങ്ങൾ കാഫിറുകളുടെ ആചാരങ്ങളുടെ പുറകിൽ പോകാനും അവരെ പിൻപറ്റാനും കാരണമായി തീർന്നിട്ടുണ്ട്.

---

**വിവർത്തനം: അബൂ റയ്യാൻ അബ്ദുല്ലാഹ്**

ഹി: 3 ജുമാദാ അൽആഖിർ,1444, തിങ്കളാഴ്ച,

(അല്ലാഹു അവന് പൊറുത്തു കൊടുക്കുകയും അവന്റെ മാതാപിതാക്കളെ ഇസ്ലാമിലേക്ക് നയിക്കുകയും ചെയ്യട്ടെ)


التذكرة
തദ്കിറ
TADHKIRA
t.me/Altadhkira
مركــز علــوم الســنــة
MARKAZU ULOOMISSUNNAH
T.me/uloomussunnah